# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

06.06.2018-ൽ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിട്ട നിയമസഭാ
ചോദ്യം നമ്പർ *85

## ക്ഷീരസഹകരണ സംഘങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.കെ. ബാബു<br>ശ്രീ.ഒ. ആർ. കേളു | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണ ത്തിനും ആധുനികവത്കരണത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കാമോ; | (എ) ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനായി കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിച്ച് ന്യായമായ വില ലഭ്യമാക്കുകയും ക്ഷീരസഹകരണ സംഘങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയവ രൂപീകരിച്ചും, നിലവിലുള്ളവയുടെ പ്രവർത്തനം വിപുലീകരിച്ചും, ക്ഷീര സഹകരണ സംഘങ്ങളുടെ ശൃംഖല ശക്തിപ്പെടുത്തുന്നതിനും വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>ക്ഷീര സംഘങ്ങളെയും ഡയറികളെയും ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക്, പാൽ സൊസൈറ്റികളിലെ അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ എന്നീ മേഖലകളിൽ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>ക്ഷീരസംഘങ്ങളുടെ ആധുനികവത്കരണം ആട്ടോമേഷൻ എന്നിവയ്ക്കായി 2017-2018-ൽ 25.85 കോടി രൂപ വകയിരുത്തിയിരുന്നു. ക്ഷീരസംഘങ്ങൾക്ക് പാൽ സംഭരണ മുറി, ഗോഡൗൺ, ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ, ഓട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റ്, ഇൻഫർമേഷൻ കിയോസ്ക്, ക്ഷീരസംഘങ്ങളിൽ ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ധനസഹായം, പുതിയസംഘം രൂപീകരണം, പുനരുദ്ധാരണം, ഭക്ഷ്യസുരക്ഷാ നിയമത്തിന് അനുസൃതമായ പരിശീലന പരിപാടികൾ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് പ്രധാനമായും ഈ തുക വിനിയോഗിക്കുന്നത്.<br>ക്ഷീരസംഘങ്ങളുടെ ശാക്തീകരണത്തിനും ആധുനിക വത്ക്കരണത്തിനുമായി മിൽമയുടെ കീഴിലുള്ള മൂന്ന് മേഖലായൂണിയനുകൾ വൈവിധ്യമാർന്ന നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) ക്ഷീരസഹകരണ സംഘങ്ങളിലൂടെയുള്ള പാൽ സംഭരണത്തിൽ മുൻകാലങ്ങളിലേക്കാൾ വളർച്ച രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) പാൽ സംഭരണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2016-17 വർഷം ആകെ 594034887 ലിറ്റർ പാൽ ക്ഷീരസഹകരണ സംഘങ്ങൾ മുഖേന സംഭരിച്ചു. 2017-18-ൽ 664212532 ലിറ്റർ പാലും സംഭരിച്ചിട്ടുണ്ട്. 11.81% ത്തിന്റെ വർദ്ധനവ് ഈ കാലയളവിൽ ഉണ്ടായിട്ടുണ്ട്. |

(സി) ക്ഷീരസഹകരണ സംഘങ്ങൾക്ക് നിലവിൽ നൽകി (സി) വരുന്ന ധനസഹായ പദ്ധതികൾ എന്തെല്ലാമാണ്;

1. പുതുതായി രജിസ്റ്റർ ചെയ്യുന്ന ക്ഷീരസഹകരണ സംഘങ്ങൾക്കും പ്രവർത്തനരഹിതമായ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും 61,500/-രൂപ മാനേജീരിയൽ സബ്സിഡിയായി അനുവദിക്കുന്നു.
2. ക്ഷീരസഹകരണ സംഘങ്ങളുടെ അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി പ്രകാരം 1,20,000/-രൂപയുടെ ധനസഹായം അനുവദിക്കുന്നു. ഈ പദ്ധതിയിലൂടെ സംഘത്തിന് ആവശ്യമുള്ള ഏത് വികസന പ്രവർത്തനങ്ങളും നടത്താവുന്നതാണ്.
3. ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം/ സ്റ്റോറേജ് റൂമുകളുടെ നിർമ്മാണത്തിനായി 3,75,000/-രൂപയുടെ ധന സഹായം അനുവദിക്കുന്നു.
4. ക്ഷീരസഹകരണ സംഘങ്ങളിൽ ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിന് 5,25,000/-രൂപയുടെ ധന സഹായം അനുവദിക്കുന്നു.
5. ഫുഡ്സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് ആക്ടുമായി ബന്ധപ്പെട്ട് ക്ഷീര സഹകരണ സംഘങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി പരമാവധി 45,000/-രൂപ വരെ ധനസഹായം അനുവദിക്കുന്നു.

കൂടാതെ, 2017 ഫെബ്രുവരി മാസം പാലിന്റെ സംഭരണ വില വർദ്ധിപ്പിക്കുകയുണ്ടായി. ആനുപാതികമായി വർദ്ധനവിനോടൊപ്പം ഒറ്റത്തവണ വർദ്ധനവായി ലിറ്ററിന് 16 പൈസവീതം ക്ഷീരസഹകരണ സംഘങ്ങൾക്ക് അധിക മാർജിൻ അനുവദിക്കുകയുണ്ടായി.

(ഡി) ക്ഷീരസഹകരണ മേഖലയെക്കുറിച്ച് പഠിക്കാൻ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. കേരളത്തിലെ ത്രിതല ക്ഷീരസഹകരണ മേഖലയെകുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ശ്രീമതി.ലിഡാ ജേക്കബ് IAS (റിട്ടയേർഡ്) ചെയർപേഴ്സണായും ഡോ.മുകുന്ദദാസ് (ഡയറക്ടർ, ചന്ദ്രഗുപ്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, പറ്റ്ന), ശ്രീ.എം.വി.ശശികുമാർ (പ്രിൻസിപ്പാൾ, ICM കണ്ണൂർ) എന്നിവർ അംഗങ്ങളായും ശ്രീ.ജോർജ്ജ് കുട്ടി ജേക്കബ്, ഡയറക്ടർ (റിട്ടയേർഡ്) ക്ഷീരവികസന വകുപ്പ്, മെമ്പർ സെക്രട്ടറിയുമായും നാലംഗ സമിതിയെ 30/06/2017 -ലെ ജി.ഒ (ആർ.റ്റി) നം. 74/2017/ഡിഡി ഉത്തരവ് പ്രകാരം സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ടി സമിതിയുടെ പഠന റിപ്പോർട്ട് ഇപ്പോൾ ലഭ്യമായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**